Week -3

# Weekly Devotions- '2016' January

## You are "The Bible"- The People read

## (ജീവിതം എന്ന വേദപുസ്തകം)




ബില്ലി എന്ന ബിരുദധാരിയായ യുവാവ് ബുദ്ധിമാനും, ക്രിസ്തുവിനാൽ പിടിക്കപ്പെട്ട ദരിദ്രനായ ഒരു വ്യക്തിയുമായിരുന്നു. അവന്റെ കലാലയത്തിന് എതിർവശം യാഥാസ്ഥികരായ വെള്ളക്കാർ ആരാധിക്കുന്ന ഒരു ആലയം ഉണ്ടായിരുന്നു. ഫുൾസൂട്ടുകാർ ആരാധിക്കുന്ന ആലയത്തിലേക്ക് ഒരു കർത്തൃ ദിവസം ബില്ലി കയറിചെന്നു. പഴയഷൂസും,കീറിയ വസ്ത്രവും ധരിച്ച് കയറിച്ചെന്ന ബില്ലിയെ എല്ലാവരും വെറുപ്പോടെയാണ് നോക്കിയത്.ആരും അദ്ദേഹത്തിന് ഇരിപ്പടവും നൽകിയില്ല. ബില്ലി

മുൻപോട്ട് നടന്നു ചെന്ന് തറയിലിരുന്ന് പ്രാർത്ഥിച്ചു. ഇന്നു വരെ ആരും അവിടെ തറയിൽ ഇരുന്നിട്ടില്ല. പ്രസംഗകൻ എന്തുചെയ്യണമെന്നറിയാതെ നിന്നപ്പോൾ സഭയിലെ ഒരു വൃദ്ധൻ ഊന്നുവടിയുമായി മുൻപോട്ട്, അവന്റെ അടുക്കലേക്ക് ചെന്നു. വഴക്കുപറയുവാനോ, അടിക്കുവാനോ ആയിരിക്കും എന്ന് പലരും കരുതി.പക്ഷേ ആ വൃദ്ധൻ അവനോടൊപ്പം നിലത്തിരുന്ന് പ്രാർത്ഥിച്ചു. സംയമനം വീണ്ടെടുത്ത ശുശ്രൂഷകൻ ഇങ്ങനെ പറഞ്ഞു "ഞാൻ ഇന്ന് പറയുന്ന പ്രസംഗം കേട്ട നിങ്ങൾ നാള ത്തേക്ക് അത് മറന്നേക്കാം, പക്ഷേ ഇപ്പോൾ നിങ്ങൾ കണ്ടത് ജീവിതത്തി ലൊരിക്കലും മറക്കുകയില്ല". ഇപ്രകാരമുള്ള ജീവിതമാണ് മറ്റുള്ളവർക്ക് വായിക്കുവാൻ പറ്റിയ വേദപുസ്തകം.

താഴ്മ ധരിച്ചു കൊള്ളുവിൻ എന്ന് 1 പത്രോ:(5:5)ൽ കാണുന്നു.

"Life is a Long Lesson in Humility"

By Barrie

ദൈവമക്കൾ തങ്ങളിലുള്ള അഹങ്കാരം, ഞാനെന്നഭാവം ഇവ ഇല്ലാതാക്കി താഴ്മയുള്ളവരാകേണം.

മറ്റുള്ളവരോട് നാം വിനയത്തോടെ പെരുമാറുമ്പോൾ നാം ക്രിസ്തു വിന്റെ ഭാവമുള്ളവരാകുന്നു. താഴ്മയുടെ വസ്ത്രം ധരിക്കുവാനാണ് പത്രോസ് ഉദ്ബോധിപ്പിക്കുന്നത്. ക്രിസ്തീയ പ്രവർത്തനങ്ങളിൽ ഏർപ്പെ ടുന്നവർപോലും ലൗകീക ആഢംബരപ്രീയരായി, സ്വാർത്ഥതയിൽ കഴിയു ന്നു. സ്നേഹം നഷ്ടപ്പെട്ടു എന്നു മാത്രമല്ല, മറ്റുള്ളവരെ വേദനിപ്പിച്ച് സന്തോഷം കണ്ടെത്തുകയും ചെയ്യുന്നു.

പ്രീയരെ ! യേശു താഴ്മയുടെ നല്ല ഉദാഹരണമാണ്. കൂടാതെ കരുണ, മനസ്സലിവ്, ദീർഘക്ഷമ തുടങ്ങി എല്ലാ നല്ല ഗുണങ്ങളുടേയും ഉറവിടമാണ്.വാക്കുകൾ കൊണ്ടല്ല നമ്മുടെ ജീവിതം കൊണ്ട് മറ്റുള്ളവരെ ക്രിസ്തുവിങ്കലേക്കാകർഷിപ്പാൻ ഇടയാകട്ടെ. അതേ ! മറ്റുള്ളവർ വായിച്ച് ഗ്രഹിക്കുന്ന നല്ല ഒരു വേദപുസ്തകമാകട്ടെ നമ്മുടെ ജീവിതം.

## പ്രാർത്ഥന

സ്വർഗ്ഗീയ മഹിമവിട്ട്, പാപരഹിതനായ അങ്ങ് ഞങ്ങൾക്കു വേണ്ടി പാപയാഗമായ ആ സ്നേഹത്തിന് നന്ദി . അങ്ങ് താഴ്മയുള്ളവനായി ഞങ്ങളുടെ പാപത്തിനു പരിഹാരമായി പീഢനങ്ങൾ ഏറ്റ സഹനത്തെ ഞങ്ങൾ നന്ദിയോടെ ഓർക്കുന്നു. അങ്ങയെ ഞങ്ങളുടെ മാതൃകാപുരുഷൻ ആക്കുവാൻ കൃപതരേണമേ

ആമേൻ

Santhamma Varghese

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind